**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6276** **10-07-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം നദിയിലെ തടയണ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ കാരേറ്റ് പാലത്തിന് സമീപം വാമനപുരം ആറിന് കുറുകെ തടയണ നിർമ്മിക്കുന്നതിന് നിലവിൽ നേരിടുന്ന കാലതാമസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിന്റെ അധീനതയിൽ കാരേറ്റ് പാലത്തിന് സമീപം വാമനപുരം നദിയ്ക്ക് കുറുകെ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനായി "Construction of check dam across Vamanapuram river near Karette bridge in Attingal Constituency in General Civil work" എന്ന പ്രവൃത്തിയുടെ estimate, soil investigation നടത്തി 273.85 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു.<br><br>എന്നാൽ കാരേറ്റ് പാലത്തിന് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന്റെ പ്രവർത്തനം നിർത്തുന്നതായും പുതിയ പമ്പ് ഹൗസ് നിർമ്മിക്കുന്ന ആനാകുടിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് 09.06.2023-ൽ കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ആനാകുടിയിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ആയതിന്റെ റിപ്പോർട്ട്, പുതിയ ചെക്ക് ഡാമിന്റെ ഡിസൈൻ ലഭ്യമാകുന്നതിനായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ